4. ജനനീ സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് 200 രൂപ

5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവെയ്പുകൾക്ക് ഒരു കുട്ടിയെകൊണ്ടുവരുന്നതിന് 20 രൂപ വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷന്മാർക്ക് 200 രൂപയും

6. വാർഡുതല ആരോഗ്യ പോഷകദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)

7. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണനൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

8. ടി.ബി. രോഗികൾക്ക് കഫ പരിശോധനക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ

9. ഗർഭിണികളായ സ്ത്രീകളെ തുടർച്ചയായി സന്ദർശിച്ച് ഗർഭകാല പരിചരണവും ശുശ്രൂഷയും (പ്രസവശേഷം കുറഞ്ഞത് മൂന്ന് ഗൃഹ സന്ദർശനം) നടത്തുന്നതിന് 20 രൂപ

10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധകുത്തിവെയ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് അൻപതു രൂപ.

(സി&ഡി) 17-2-2011-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 617/2011/ആ.കു.വ. പ്രകാരം ചുരുങ്ങിയത് മൂന്നുവർഷം ആശാപ്രവർത്തകരായി (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്) സേവനമനുഷ്ഠിച്ചിട്ടുള്ളവർ ആരോഗ്യവകുപ്പിന്റെയോ ആരോഗ്യവിദ്യാഭ്യാസവകുപ്പിന്റെയോ കീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികകൾ മുതലായ തസ്തികകളിലേക്ക് 1-4-2011-നുശേഷം നടക്കുന്ന ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോൾ അവർക്ക് 5 മാർക്ക് ഗ്രേസ്മാർക്കായി അനുവദിച്ചിട്ടുണ്ട്.

ആശാപ്രവർത്തകർക്ക് സാമ്പത്തികാനുകൂല്യം

84 (1812) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാപ്രവർത്തകർക്ക് കൂടുതൽ സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ദുരിതാശ്വാസക്യാമ്പുകളിലും പ്രകൃതിദുരന്തങ്ങളിലും സഹായിക്കുന്ന ആശാപ്രവർത്തകർക്ക് കൂടുതൽ സാമ്പത്തികാനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ആശാപ്രവർത്തകർക്ക് വിവിധ പദ്ധതികളിൽനിന്നുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നത്. ആശാപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly